ക്താക്കളുടെ ആവശ്യം അനുസരിച്ചുള്ള വിഹിതം അവരിൽ നിന്നുതന്നെ ഈടാക്കിക്കൊണ്ടാണ് അത് നടപ്പാക്കുന്നത്. പരീക്ഷണാർത്ഥം ആദ്യമായി തുടങ്ങിയിരിക്കുന്നത് മലപ്പുറം ജില്ലയിലാണ്.

**2 (*328) മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ചുമട്ടുതൊഴിലാളികളുടെ കൂലി**

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ചുമട്ടുതൊഴിലാളികളുടെ നിലവിലുള്ള കൂലിനിരക്ക് സംബന്ധിച്ച സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ചുമട്ടുതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ചുമട്ടുതൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി അടക്കം നിലവിൽ കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ 36 മുനിസിപ്പൽ പ്രദേശങ്ങളിലേയും 3 കോർപ്പറേഷൻ പ്രദേശങ്ങളിലേയും കയറ്റിറക്ക് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് നൽകേണ്ട കൂലി നിരക്കുകൾ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം 9-ാം വകുപ്പ് 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 2 (ഡി) പ്രകാരവും നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദമായ ലിസ്റ്റ് അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

(ബി) 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) നിയമത്തിലെ 18-ാം വകുപ്പ് അനുസരിച്ച് രൂപീകരിച്ച പ്രാദേശിക കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്ത റോളിൽ തുടരുന്ന 25,000-ത്തോളം ചുമട്ടുതൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷേമാനുകൂല്യങ്ങളുടെ വിവരം അനുബന്ധം II-ൽ വിശദമാക്കുന്നുണ്ട്.†

(സി) നിലവിലുള്ള 1983-ലെ ക്രമീകരണ ക്ഷേമ പദ്ധതിയിൽപ്പെടുന്ന ചുമട്ടുതൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷേമാനുകൂല്യങ്ങളുടെ നിരക്കുകളും മറ്റും വാർഷിക ബഡ്ജറ്റ് മുഖേന കാലാകാലങ്ങളിൽ ബോർഡിന്റെ സാമ്പത്തികശേഷിക്കനുസൃതമായി പുതുക്കുകയും പുതിയ ആനുകൂല്യങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഏറ്റവും അധികം അപകടം ഉണ്ടാക്കുന്ന ഒരു തൊഴിലാളി വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. എന്തെങ്കിലും അപകടം ഉണ്ടായാൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ആശുപത്രികളിൽ മാത്രമേ അവർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നുള്ളൂ. അത് പരിമിതമാണ്. പ്രതിവർഷം 5,000 രൂപയാണ് ലഭിക്കുന്നത്. അതേ അവസരത്തിൽ വിദഗ്ധ

---

† അനുബന്ധം I

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സ വേണ്ടിവരുമ്പോൾ ആവശ്യമായ ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികളിൽ ചികിത്സിച്ചാൽ അവർക്ക് യാതൊരു സഹായവും ലഭിക്കുന്നില്ല. അതുകൊണ്ട് ഏത് ആശുപത്രിയിൽ ചികിത്സിച്ചാലും അവർക്ക് ആവശ്യമായ ചികിത്സാസഹായം ലഭ്യമാക്കുന്നതിനും അതോടൊപ്പം തന്നെ ഇന്ന് നൽകിവരുന്ന പരിമിതമായ തുക ഇന്നത്തെ മരുന്നിന്റെ വിലയും ആശുപത്രിച്ചെലവും കണക്കിലെടുത്ത് ഗണ്യമായി വർദ്ധിപ്പിക്കുവാനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, ചുമട്ടുതൊഴിലാളികൾ ഇ.എസ്.ഐ-യുടെ പരിധിയിൽ വരുന്നവരല്ല. അവർ ഇ.എസ്.ഐ-യുടെ പരിധിയിൽ വരുന്നവരായിരുന്നെങ്കിൽ നമുക്ക് ഈ പറയുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, വിദഗ്ധമായ ചികിത്സ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമായിരുന്നു. ഈ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ബോർഡാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ബോർഡ് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. കാലാകാലങ്ങളിൽ തീരുമാനിക്കുന്നതിന് ഗവൺമെന്റ് അനുമതി കൊടുക്കാറുമുണ്ട്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, ഭാരം ചുമക്കുമ്പോഴും ഒട്ടേറെ അപകടം ഉണ്ടാകുന്നുണ്ട്. ഇന്ന് ഒരാൾ 100-കിലോഗ്രാമിൽ കൂടുതൽ ഭാരം ചുമക്കുന്നുണ്ട്. ഇന്നത്തെ തൊഴിലാളികളെ സംബന്ധിച്ച് യൗവന കാലഘട്ടത്തിൽ മാത്രമേ ഭാരം ചുമക്കാൻ കഴിയുകയുള്ളൂ. വാർദ്ധക്യകാലഘട്ടത്തിൽ അല്ലെങ്കിൽ അവരുടെ ആരോഗ്യം അൽപ്പം കുറഞ്ഞാൽ ചുമടെടുക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകുന്നു. പ്രയാസങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ചാക്കുകളിൽ നിറയ്ക്കുന്ന സാധനങ്ങൾ 50-കിലോഗ്രാമായി പരിമിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, അതിനെപ്പറ്റി യൂണിയനുകളുമായി ആലോചിച്ച് ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, ഭാരക്കൂടുതൽ ഉള്ളതും അപകട സാധ്യത താരതമ്യേന കൂടുതലുള്ളതുമായ ഈ മേഖലയിലേയ്ക്ക് കെട്ടിട തൊഴിലാളികളെ എന്നതുപോലെ സധൈര്യം സ്ത്രീകളുംകൂടി കടന്നു വന്നാൽ തുല്യജോലിക്ക് തുല്യവേതനം എന്ന ഏർപ്പാട് ചുമട്ടുതൊഴിലാളികളുടെ ഇടയിൽ നടപ്പാക്കാൻ അങ്ങ് ശ്രദ്ധിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, കേരളത്തിൽ ചുമട്ടുതൊഴിലാളികളുടെ കൂട്ടത്തിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. ചില തോട്ടങ്ങളിൽ തേയില ചുമക്കുന്നതല്ലാതെ കമ്പോളങ്ങളിൽ സ്ത്രീകൾ ജോലി ചെയ്യുന്നില്ല.

<u>ശ്രീ. പി. രാജു</u> : സർ, ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയ പട്ടണപ്രദേശങ്ങളിൽ തൊഴിലാളികളുടെ ജോലിസ്ഥിരതയെ അത് പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ ചിലർ കോടതിയിൽ പോയി അവർക്ക് തൊഴിൽ അവകാശം ഇല്ല എന്ന് വിധി സമ്പാദിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ അവരുടെ തൊഴിൽ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി.രാമകൃഷ്ണപിള്ള : സർ, അതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനിടയ്ക്ക് കോടതിയുടെ ഉത്തരവ് വന്നാൽ ഒന്നും ചെയ്യാൻ പറ്റില്ല.

ശ്രീ. കെ. ബാബു : സർ, ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്ത് എല്ലായിടത്തും ഇതുവരെ ബാധകമാക്കിയിട്ടില്ല. അതുപോലെ സ്കാറ്റേർഡ് തൊഴിലാളികൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നിട്ടില്ല. അതുകൊണ്ട് സംസ്ഥാന വ്യാപകമായി ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കാനും. സ്കാറ്റേർഡ് തൊഴിലാളികൾക്കുകൂടി അത് ബാധകമാക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി.രാമകൃഷ്ണപിള്ള : സർ, സ്കാറ്റേർഡ് തൊഴിലാളികൾക്ക് നിയമം ബാധകമാക്കിക്കൊണ്ട് ഈ അടുത്ത കാലത്ത് തീരുമാനമുണ്ടായി. അത് ഘട്ടംഘട്ടമായി ഓരോ പ്രദേശങ്ങളിലേയ്ക്കും ഭാഗികമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചുമട്ടുതൊഴിലാളികൾ വാങ്ങുന്ന കൂലിനിരക്കു സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിലുള്ള വ്യാപകമായ പരാതി ഒഴിവാക്കാൻ ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ സഹകരണത്തോടുകൂടി ഓരോ പ്രദേശത്തേയും ഓരോ തൊഴിലിന്റേയും കൂലിനിരക്കുകൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, അതിനുവേണ്ടി ഇപ്പോൾത്തന്നെ ലോക്കൽ കമ്മിറ്റികളുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൾ അടങ്ങുന്ന കമ്മിറ്റികളാണ് നിലവിലുള്ളത്. അവർ ബോർഡുമായി ചർച്ചചെയ്ത് തീരുമാനിച്ചശേഷമാണ് ഓരോ പ്രദേശത്തേയും കൂലി നിശ്ചയിക്കുന്നത്. കൂലിനിരക്കുകൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ പല സ്ഥലത്തുമുണ്ട്. എല്ലാ സ്ഥലത്തും വ്യാപകമായി ഉണ്ടോ എന്നു ചോദിച്ചാൽ കാണില്ല. കൂലിനിരക്കുകൾ തീരുമാനിക്കുന്നിടത്തൊക്കെ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം കൊടുക്കാറുണ്ട്.

ശ്രീ. പാലോട് രവി : സർ, ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കുന്ന മേഖലകളിൽ ട്രേഡ് യൂണിയൻ നേതാക്കൾ ഒരുമിച്ചിരുന്ന് ചില ഗൈഡ്ലൈൻസ് അംഗീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു തൊഴിലാളി കുറ്റം ചെയ്താൽ ആ തൊഴിലാളിയെ സസ്പെൻഡ് ചെയ്യും. അങ്ങനെ സസ്പെൻഡ് ചെയ്യുന്ന തൊഴിലാളിയെ മറ്റൊരു യൂണിയൻ എടുക്കാൻ പാടില്ല. അതിനു വിരുദ്ധമായി പോലീസിന്റെ സഹായത്തോടെ സസ്പെൻഡ് ചെയ്യപ്പെടുന്ന തൊഴിലാളികളെ നിർബന്ധപൂർവ്വം യൂണിയൻ മാറ്റി തൊഴിൽ പിടിച്ചെടുക്കുന്ന സമ്പ്രദായം കഴിഞ്ഞ കുറേക്കാലമായി നിലനിൽക്കുകയാണ്. ഇതു ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് നൽകുമോ?

ശ്രീ. വി.പി.രാമകൃഷ്ണപിള്ള : സർ, ഇത്തരം കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ എന്തു നടപടി വേണമെന്ന് ആലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ : സർ, ക്ഷേമനിധി കാർഡുകളുള്ള തൊഴിലാളികൾക്ക് ചില സ്ഥലങ്ങളിൽ തൊഴിൽ നിഷേധിക്കുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മൊയീൻ കുട്ടി : സർ, ചുമട്ടുതൊഴിലാളികൾ ഈ രംഗത്തു നിന്ന് പല കാരണങ്ങളാലും പിരിയുന്ന സന്ദർഭത്തിൽ തൊഴിലെടുക്കാനുള്ള അവരുടെ അവകാശം വൻതുകയ്ക്ക് വിൽപ്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**3 (* 329) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ദുരിതാശ്വാസ നിധി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേക ദുരിതാശ്വാസ നിധി എപ്പോഴാണ് നിലവിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തൊക്കെയാണ്;

(സി) ഏതൊക്കെ സന്ദർഭങ്ങളിലാണ് പ്രസ്തുത നിധിയിൽനിന്ന് സഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രത്യേക ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി എന്തു തുകയാണ് ഇപ്പോൾ അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇത് വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഹൃദയശസ്ത്രക്രിയയ്ക്ക് ദുരിതാശ്വാസനിധിയിൽനിന്ന് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകുന്ന പദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, (എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്കായി 9.1.98-ലും പട്ടികവർഗ്ഗക്കാർക്കായി 25.11.98-ലും ദുരിതാശ്വാസ നിധി നിലവിൽവന്നു.

(ബി) 25000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ചികിത്സയ്ക്ക് പരമാവധി 25,000 രൂപ വരെ നൽകുന്നതാണ്. ഇങ്ങനെ ധനസഹായം ലഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

**29.12.99 -ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2 (328) കാണുക**

**കേരളത്തിലെ മുനിസിപ്പൽ പ്രദേശങ്ങളിലേയും സിറ്റി കോർപ്പറേഷൻ പ്രദേശത്തെയും ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് വിജ്ഞാപനം സംബന്ധിച്ച പട്ടിക**

| ക്രമ നമ്പർ | കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശം | ഗവണ്മെന്റ് വിജ്ഞാപനത്തിന്റെ നമ്പറും തീയതിയും |
|---|---|---|
| 1. | തിരുവനന്തപുരം | 10.1.99 -ലെ ജി.ഒ. (ആർ.ടി) 3690/99 തൊ. (എസ്.ആർ.ഒ. 953/99. 23.11.99-ലെ 2133 നമ്പർ അസാധാരണ ഗസറ്റ്. |
| 2. | കൊച്ചി | (എ) (ഡിവിഷൻ 26 മുതൽ 50 വരെ) 17.12.86 ലെ ജി.ഒ. (ആർ.ടി.) 285/86/തൊ. (എസ്.ആർ.ഒ. 274/86) 18.2.86-ലെ 163-ാം നമ്പർ അസാധാരണ ഗസറ്റ്. |
| | | (ബി) (ഡിവിഷൻ 1 മുതൽ 23 വരെ) 18.11.97 ലെ ജി.ഒ. (ആർ.ടി.) 3289/97/തൊ. (എസ്.ആർ.ഒ. 948/97) 1.12.97-ലെ 1679-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 3. | കോഴിക്കോട് | 25.11.98-ലെ ജി.ഒ. (ആർ.ടി.) 2313/98 തൊ. (എസ്.ആർ.ഒ. നമ്പർ.790/98). 8.9.98-ലെ 1453-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 4 | കൊല്ലം | 9.9.97-ലെ ജി.ഒ. (ആർ.ടി.) 2573/97 തൊ. (എസ്.ആർ.ഒ. നമ്പർ.732/97). 18.9.97-ലെ 1280-ാം നമ്പർ ഗസറ്റ്. |
| 5 | പുനലൂർ | 23.7.98- ലെ ജി.ഒ. (ആർ.ടി) 2291/98/തൊഴിൽ (എസ്.ആർ.ഒ.635/98) 29.7.98-ലെ 1226-ാം നമ്പർ ഗസറ്റ്. |
| 6 | പത്തനംതിട്ട | 1.9.99-ലെ ജി.ഒ. (ആർ.ടി.) 2927/99/തൊ. എസ്. ആർ.ഒ.720/99) 9.9.97-ലെ 1657 നമ്പർ ഗസറ്റ് |
| 7 | തിരുവല്ല | 17.11.99-ലെ ജി.ഒ. (ആർ.ടി.) 3805/99 തൊ. (എസ്.ആർ.ഒ. നമ്പർ. 957/99) |
| 8 | തൊടുപുഴ | 26.9.97-ലെജി.ഒ.(ആർ.ടി.)2715/97/തൊ.(എസ്. ആർ.ഒ. 816/97) 16.10.97-ലെ 1418-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 9 | ആലപ്പുഴ | 10.8.99-ലെ ജി.ഒ. (ആർ.ടി.) നമ്പർ 2700/ 99/തൊ നമ്പർ ഉത്തരവ് |
| 10 | ചേർത്തല | 12.9.97-ലെ ജി.ഒ. (ആർ.ടി.) 2605 /97/തൊ. (എ സ്.ആർ.ഒ.) നമ്പർ 751/97, 24.9.97-ലെ 1319-ാം |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| | | നമ്പർ അസാധാരണ ഗസറ്റ്. |
| 11 | ചങ്ങാനാശ്ശേരി | 18.6.86-ലെ ജി.ഒ. (ആർ.ടി.) 957/86/തൊ. (എസ്. ആർ.ഒ.) നമ്പർ 952/86, 19.6.86-ലെ 585-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 12 | പാലാ | 29.6.97-ലെ ജി.ഒ. (ആർ.ടി.) 2714/97/തൊ. (എ സ്.ആർ.ഒ.നമ്പർ 772/97) 6.10.97-ലെ 1362-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 13 | തൃപ്പൂണിത്തുറ | ജി.ഒ. (ആർ.ടി.) 2434/99/തൊ. തീയതി: 27.7.99 (എസ്.ആർ.ഒ.) നമ്പർ 686/99. 19.8.99-ലെ 1586-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 14&15 | അങ്കമാലി പെരുമ്പാവൂർ | ജി.ഒ. (ആർ.ടി. 3326/97 തൊ. തീയതി 20.11.97 (എസ്. ആർ.ഒ.നമ്പർ 83/98) 2.2.98-ലെ 187-ാം നമ്പർ ഗസറ്റ്. |
| 16&17 | ആലുവ പറവൂർ | ജി.ഒ. (ആർ.ടി.) 2941/93 തൊ. തീയതി 22.11.93 (എസ്.ആർ.ഒ. 1862/93) അസാധാരണ ഗസറ്റ് 1217-ാം തീയതി 1.12.93. |
| 18 | മൂവാറ്റുപുഴ | ജി.ഒ. (ആർ.ടി.) 2387/99/തൊ. തീയതി: 24.7.99 (എസ്.ആർ.ഒ. 666/99) 5.8.99-ലെ 1531-ാം നമ്പർ അസാധാരണ ഗസറ്റ്. |
| 19,20,21 | ചാലക്കുടി, ചാവക്കാട് മുനിസിപ്പാലിറ്റി, ഗുരു വായൂർ ടൗൺ ഷിപ്പ്. | ജി.ഒ. (ആർ.ടി.)നമ്പർ 549/94/തൊ. തീയതി: 1.3.94 (എസ്.ആർ.ഒ.)260/94/99. അസാധാരണ ഗസറ്റ് നമ്പർ 184 തീയതി:4.3.94. |
| 22 | തൃശ്ശൂർ ടൗൺ | ജി.ഒ. (ആർ.ടി.) നമ്പർ 357/98/തൊ. തീയതി: 16.2.98. |
| 23 | കൊടുങ്ങല്ലൂർ | ജി.ഒ. (ആർ.ടി.) നമ്പർ 2907/99/തൊ. തീയതി: 23.8.99 (എസ്.ആർ.ഒ.)707/99. അസാധാരണ ഗസറ്റ് നമ്പർ 1627 തീയതി:4.9.99. |
| 24 | കുന്ദംകുളം | ജി.ഒ. (ആർ.ടി.) 912/93/തൊ. തീയതി: 3.4.93 തൊ. (എസ്.ആർ.ഒ. 553/93) അസാധാരണ ഗസ റ്റ് നമ്പർ 389 തീയതി 5.4.93. |
| 25 | പാലക്കാട് | ജി.ഒ. (ആർ.ടി.)നമ്പർ 2595/98/തൊ. തീയതി: 19.8.98 (എസ്.ആർ.ഒ.)792/98. അസാധാരണ ഗസറ്റ് നമ്പർ 1455 തീയതി:8.9.98. |
| 26,27,28 | ചിറ്റൂർ-തത്തമംഗലം ഷൊർണ്ണൂർ,ഒറ്റപ്പാലം | ജി.ഒ. (ആർ.ടി.) നമ്പർ 2293/98/തൊ. തീയതി: 23.7.98, എസ്.ആർ.ഒ. നമ്പർ 715/98 അസാധാ രണ ഗസറ്റ് നമ്പർ. 1361 തീയതി 17.8.1998 |
| 29,30,31,32 | മലപ്പുറം, മഞ്ചേരി, തിരൂർ, പൊന്നാനി | ജി.ഒ. (ആർ.ടി.) നമ്പർ 3891/99/തൊ. തീയതി: 19.12.1997 (എസ്.ആർ.ഒ.) നമ്പർ 27/98. അസാധാ രണ ഗസറ്റ് നമ്പർ 63 തീയതി:12.1.98 |
| 33 | പെരിന്തൽമണ്ണ | ജി.ഒ. (ആർ.ടി.) നമ്പർ 2661/97/തൊ. തീയതി: 22.9.1997 (എസ്.ആർ.ഒ.) നമ്പർ 763/97. അസാ ധാരണ ഗസറ്റ് നമ്പർ 1336 തീയതി:27.9.97 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 34 | കൊയിലാണ്ടി | ജി.ഒ. (ആർ.ടി.) നമ്പർ 2712/97/തൊ. തീയതി: 26.9.1997 (എസ്.ആർ.ഒ.) നമ്പർ 815/97. അസാധാരണ ഗസറ്റ് നമ്പർ 1417 തീയതി: 16.10.97 |
| 35 | കൽപ്പറ്റ | ജി.ഒ. (ആർ.ടി.) നമ്പർ 3312/99/തൊ. തീയതി: 7.10.99 (എസ്.ആർ.ഒ.) നമ്പർ 832/99. അസാധാരണ ഗസറ്റ് നമ്പർ 1883 തീയതി:16.10.99 |
| 36 | കണ്ണൂർ | ജി.ഒ. (ആർ.ടി.) നമ്പർ 2765/99/തൊ. തീയതി: 12.8.99 (എസ്.ആർ.ഒ.) നമ്പർ 705/99. അസാധാരണ ഗസറ്റ് നമ്പർ 1625 തീയതി:4.9.99 |
| 37 | തലശ്ശേരി | ജി.ഒ. (ആർ.ടി.) നമ്പർ 3795/97/തൊ. തീയതി: 29.12.97 (എസ്.ആർ.ഒ.) നമ്പർ 19/98. അസാധാരണ ഗസറ്റ് നമ്പർ 43 തീയതി 7.6.98 |
| 38 | കാസർഗോഡ് | ജി.ഒ. (ആർ.ടി.) നമ്പർ 2734/97/തൊ. തീയതി: 27.9.97 (എസ്.ആർ.ഒ.) നമ്പർ 819/97. അസാധാരണ ഗസറ്റ് നമ്പർ 1421 തീയതി:16.10.97 |
| 39 | കാഞ്ഞങ്ങാട് | ജി.ഒ.ആർ.ടി. നമ്പർ 3794/97 തീയതി 29.12.97 |

# അനുബന്ധം II

**(29.12.99 –ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2 (328) കാണുക**

## ചുമട്ടുതൊഴിലാളികൾക്ക് നൽകുന്ന ക്ഷേമാനുകൂല്യങ്ങൾ

1. പഠിക്കുന്ന സന്താനങ്ങളുള്ള ചുമട്ടു തൊഴിലാളികൾക്ക് ഓരോ അദ്ധ്യയനവർഷാരംഭത്തിലും 200 രൂപ വീതം വിദ്യാഭ്യാസ ഗ്രാന്റ് നൽകുന്നു.

2. ആശുപത്രികളിൽ കിടത്തി ചികിത്സക്ക് വിധേയരാകുന്ന തൊഴിലാളികൾക്ക് ചികിത്സാ ചിലവ് പ്രതിവർഷം 5000 രൂപ വരെ അസ്സൽ ബില്ലുകളുടെ അടിസ്ഥാനത്തിൽ റീ-ഇംമ്പേഴ്സ്മെന്റ് അനുവദിക്കുന്നു.

3. ഭാര്യ/ഭർത്താവ്, 18 വയസ്സിൽ താഴെയുള്ള മക്കൾ, ആശ്രിതരായ മാതാപിതാക്കൾ എന്നിവരുടെ ഹോസ്പിറ്റലൈസ് ട്രീറ്റ്മെന്റ് ചെലവ് പ്രതിവർഷം പരമാവധി 2000 ക വരെയും റീ ഇംബേഴ്സ്മെന്റ് ചെയ്യും.

4. 5-ാം സ്റ്റാന്റേർഡ് മുതൽക്കുള്ള മെട്രിക്കുലേഷൻ, പോസ്റ്റ് മെട്രിക്കുലേഷൻ പ്രൊഫഷണൽ തുടങ്ങിയ പാഠ്യ കോഴ്സുകളുടെ വർഷാന്ത്യ പരീക്ഷ പാസാകുന്ന തൊഴിലാളികളുടെ മകൻ/മകൾക്ക് 100 ക മുതൽ 3000 ക വരെ പ്രതിവർഷം സ്കോളർഷിപ്പായി നൽകുന്നു.

5. രോഗം/അപകടംമൂലം ആശുപത്രി ചികിത്സയിൽ കഴിയുന്ന തൊഴിലാളികൾക്ക് ടിയാന്റെ ശരാശരി പ്രതിദിന വേതനം 60 രൂപ വരെ പരമാവധി രണ്ട് മാസത്തേക്ക് ഗ്രാന്റായി നൽകും. ശസ്ത്രക്രിയ /പ്ലാസ്റ്റർ കേസ്സുകളിൽ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുന്ന കേസ്സുകളിൽ റസ്റ്റ് പീരീഡിനും (പരമാവധി 60 ദിവസം വരെ) മേൽ നിരക്കിന്റെ 50% നിരക്കിൽ ഗ്രാന്റായി നൽകുന്നു.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly